# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.69   28.09.2011 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം.എ.ബേബി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.എസ്.ശർമ്മ | ശ്രീ.പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ മന്ത്രി) |

| | |
|---|---|
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് സുപ്രീംകോടതിയുടെ ഉന്നതാധികാര സമിതി അംഗീകരിച്ചിട്ടുണ്ടോ; | (എ) പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ സാധ്യതാ റിപ്പോർട്ട് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേലുള്ള ഉന്നതാധികാര സമിതിയുടെ തീരുമാനം ലഭ്യമായിട്ടില്ല; ഉന്നതാധികാര സമിതി സുപ്രീംകോടതിയ്ക്ക് റിപ്പോർട്ട് നൽകും. |
| (ബി) അണക്കെട്ടിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ സാധിക്കും; എന്തു തുക എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്; ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്ര കോടിയാണ്; | (ബി) മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച കേസ് സുപ്രീകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. സുപ്രീംകോടതിയുടെ തീരുമാനത്തിന് വിധേയമായി മാത്രമേ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. എന്നിരിക്കിലും കേരള സർക്കാർ പുതിയ ഡാമിന്റെ നിർമ്മാണത്തിനായി ഡി.പി.ആർ. ഉടനെ പൂർത്തിയാക്കും. പുതുക്കിയ എസ്റ്റിമേറ്റ് തുക 663 കോടിയാണ്. 2011-2012 ലെ ബജറ്റ് പ്രസംഗത്തിൽ പുതിയ ഡാമിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപ വകയിരുത്തി യിട്ടുണ്ട്. |

| | |
|---|---|
| (സി) പദ്ധതിയുടെ പരിസ്ഥിതി പ്രത്യാഘാത പഠനം പൂർത്തിയായിട്ടുണ്ടോ; എത്ര ഹെക്ടർ വനഭൂമി ഇതിനായി ഉപയോഗിക്കേണ്ടതായിവരും; | (സി) പദ്ധതി പ്രദേശത്തെ പരിസ്ഥിതി പ്രത്യാഘാതപഠനം പൂർത്തിയായിട്ടില്ല. അതിനായി പീച്ചി യിലെ കെ.എഫ്.ആർ.ഐ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 50.2 ഹെക്ടർ വനഭൂമി ആവശ്യമായി വരും. |
| (ഡി) നിലവിലുള്ള അണക്കെട്ടിൽ വീണ്ടും പൊട്ടലുകൾ ഉണ്ടായിട്ടുണ്ടോ; ഉന്നതാധികാര സമിതിയെ ഇക്കാര്യം ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോ? | (ഡി) ചെറിയ തോതിലുള്ള വിള്ളലുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ബോദ്ധ്യപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ